K24P 3845

Reg. No. : ...............................

Name : ...................................

**I Semester M.A. Degree (C.B.C.S.S. – OBE-Reg./Supple./Imp.) Examination, October 2024**
**(2023 Admission Onwards)**

**മലയാളം**

**MAMAL01C03 : മലയാള സാഹിത്യ വിമർശനം – 1**

Time : 3 Hours

Max. Marks : 80

I. ഏതെങ്കിലും **അഞ്ചു** ചോദ്യങ്ങൾക്ക് **ഒരു പുറത്തിൽ** കവിയാതെ ഉത്തരമെഴുതുക.

1) സി.പി. അച്യുതമേനോന്റെ അഭിപ്രായത്തിൽ "നോവൽ എന്നു പറയപ്പെടുന്നതായ കാവ്യത്തിന് മുഖ്യമായി വേണ്ടുന്ന ഗുണങ്ങൾ" എന്തെല്ലാം ?

2) 'കാന്താരതാരകം' എന്ന നളചരിതവ്യാഖ്യാനം കേവലം വ്യാഖ്യാനമെന്നതിനപ്പുറം വിമർശനമാതൃകയാകുന്നതെങ്ങനെ ? വിശകലനം ചെയ്യുക.

3) രൂപഭദ്രതാവാദം എന്തെന്ന് വിശദീകരിക്കുക.

4) 'ചന്തുമേനോന്റെ ഫിലോസഫിയാണ് ആ പതിനെട്ടാമദ്ധ്യായം' – പി. കെ. ബാലകൃഷ്ണൻ ഇങ്ങനെ അഭിപ്രായപ്പെടുന്നതെന്തുകൊണ്ട് ?

5) പ്രാസവാദത്തിന്റെ വിമർശനപരമായ പ്രസക്തി വിലയിരുത്തുക.

6) "കുമാരനാശാന്റെ കഥാപാത്രങ്ങളിൽ സ്ത്രീകൾക്ക് നല്ലൊരു സ്ഥാനമുണ്ട്" എന്ന് മുണ്ടശ്ശേരി സമർത്ഥിക്കുന്നതെങ്ങനെ ? **(5×4=20)**

II. ഏതെങ്കിലും **മൂന്ന്** ചോദ്യങ്ങൾക്ക് **മൂന്നുപുറ**ത്തിൽ കവിയാതെ ഉത്തരമെഴുതുക.

7) മലയാള സാഹിത്യത്തിലെ പുതിയ ആത്മീയതയെ നരേന്ദ്രപ്രസാദ് കണ്ടെടുക്കുന്നതെങ്ങനെ ?

8) പാശ്ചാത്യ പൗരസ്ത്യകലകളെ താരതമ്യം ചെയ്തുകൊണ്ട് കേസരി അവതരിപ്പിക്കുന്ന നിരീക്ഷണങ്ങളെന്തെല്ലാം ?

9) "മനുഷ്യന്റെ കദനങ്ങൾക്ക് പ്രധാന കാരണമായ പ്രമാദ"ത്തെക്കുറിച്ച് എം. പി. ശങ്കുണ്ണി നായരുടെ വിചിന്തനങ്ങൾ ക്രോഡീകരിക്കുക.

P.T.O.



10) മന:ശാസ്ത്രനിരൂപണത്തെ എതിർക്കാൻ ഡോ. കെ. ഭാസ്കരൻ നായർ അവതരിപ്പിക്കുന്ന യുക്തികളെന്തെല്ലാം ?

11) "മുണ്ടയ്ക്കൽ സന്ദേശം ഒരു മുഴുത്ത ചിരിയാണ്" എന്ന് മാരാർ സമർത്ഥിക്കുന്നതെങ്ങനെ ? **(3×8=24)**

III. ഏതെങ്കിലും **മൂന്ന്** ചോദ്യങ്ങൾക്ക് **അഞ്ചു പുറ**ത്തിൽ കവിയാതെ ഉത്തരമെഴുതുക.

12) മാരാരുടേയും മുണ്ടശ്ശേരിയുടേയും വിമർശനനിലപാടുകളെ താരതമ്യം ചെയ്യുക.

13) പുരോഗമന സാഹിത്യപ്രസ്ഥാനം കവിതയുടെ ഭാവതലത്തെ വിലയിരുത്തുന്നതിൽ പരാജയപ്പെട്ടോ ? വിശകലനം ചെയ്യുക.

14) "ഗുരുസാഗരം ജീവിതമാകുന്നത്" ഏതൊക്കെ തലങ്ങളിലാണ് ? ആഷാമേനോന്റെ ചിന്തകൾ സംക്ഷേപിക്കുക.

15) നവീന കവിതയുടെ പൊതുപ്രവണതകളെക്കുറിച്ച് സച്ചിദാനന്ദന്റെ അഭിപ്രായങ്ങൾ സംഗ്രഹിക്കുക.

16) ആദ്യകാല മലയാള നിരൂപകരേയും അവരുടെ നിലപാടുകളേയും പരിചയപ്പെടുത്തുക. **(3×12=36)**

---